"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മണ്ണ് സംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം - ടെണ്ടറിംഗിനും നിർവ്വഹണത്തിനുമുള്ള തുക പരിധി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.595/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.3/2021/Agri, തീയതി 08.01.2021
2. സ.ഉ.(സാധാ) നം.427/2024/LSGD; തീയതി 22.02.2024
3. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.05.2024-ലെ പി7-704/2024 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 3.5

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് 15 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളൂ. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ മുഖേന നടപ്പാക്കുന്ന, പ്രത്യേകിച്ച് ജില്ലാ പഞ്ചായത്തുകളുടെ, മണ്ണ് സംരക്ഷണ പ്രോജക്ടുകളുടെ നിർവ്വഹണത്തെ ഇത് ബാധിക്കുന്നുണ്ട് എന്നും, ഈ പരിധി ഒഴിവാക്കാവുന്നതാണെന്നും മേൽ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ മണ്ണ് ജല സംരക്ഷണ വകുപ്പിന്റെ പ്രതിനിധി അറിയിച്ചിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വരുന്ന കേസുകളിൽ ടെണ്ടറിംഗിനും നിർവ്വഹണത്തിനുമുള്ള പരിധി ഒഴിവാക്കി ഉത്തരവാകുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ പ്രോജക്ടുകൾക്ക് ടെണ്ടറിംഗിനും നിർവ്വഹണത്തിനും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിന്റെ മാനദണ്ഡം ബാധകമാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കൃഷി വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 04-03-2025 11:28:40
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്